**മധുരമായ കുട്ടികളെ – സമയാസമയം ജ്ഞാന സാഗരന്റെ അടുത്തേക്ക് വരൂ, ജ്ഞാന രത്നങ്ങളാകുന്ന സാധനങ്ങൾ നിറച്ച് പുറത്ത് വന്ന് വിതരണം ചെയ്യൂ, വിചാര സാഗര മഥനം ചെയ്ത് സേവനത്തിൽ ഏർപ്പെടൂ.**

**ചോദ്യം:–** ഏറ്റവും നല്ല പുരുഷാർത്ഥം ഏതാണ്? ബാബയ്ക്ക് ഏതുകുട്ടികളാണ് പ്രിയപ്പെട്ടത്?
**ഉത്തരം:–** ആരുടെയെങ്കിലും ജീവിതം മെച്ചപ്പെടുത്തുക, ഇത് ഏറ്റവും നല്ല പുരുഷാർത്ഥമാണ്. കുട്ടികൾക്ക് ഈ പുരുഷാർത്ഥത്തിൽ ഏർപ്പെട്ടിരിക്കണം. എപ്പോഴെങ്കിലും അഥവാ എന്തെങ്കിലും തെറ്റ് സംഭവിക്കുകയാണെങ്കിൽ അതിന് പകരമായി നല്ല സേവനം ചെയ്യൂ. അല്ലായെങ്കിൽ ആ തെറ്റ് ഹൃദയത്തെ കാർന്നുകൊണ്ടിരിക്കും. ബാബയ്ക്ക് ജ്ഞാനിയും യോഗിയുമായ കുട്ടികൾ തന്നെയാണ് വളരെ പ്രിയപ്പെട്ടത്.

**ഗീതം:–** ആരാണോ പിതാവിനോടൊപ്പം. . . . . . .

**ഓം ശാന്തി**. കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിക്കും അതായത് സന്മുഖത്ത് മുരളി കേളക്കുന്നതും ടേപ്പ് റെക്കോർഡറിൽ കേൾക്കുന്നും കടലാസിലേത് വായിക്കുന്നതിലും തമ്മിൽ തീർച്ചയായും വ്യത്യാസമുണ്ട്. ഗീതത്തിലും പറയുന്നുണ്ട് ആരാണോ പിതാവിനോടൊപ്പം. . . . . ജ്ഞാനമഴ എല്ലാവർക്കും വേണ്ടിയാണ് എന്നാൽ കൂടെ ഇരിക്കുന്നതിലൂടെ ബാബയുടെ ഭാവങ്ങൾ മനസ്സിലാക്കുന്നതിന്റെ, ഭിന്ന–ഭിന്ന നിർദ്ദേശങ്ങൾ മനസ്സിലാക്കുന്നതിന്റെ വളരെ പ്രയോജനമുണ്ടാകുന്നു. എന്നാൽ അങ്ങിനെയങ്ങ് ഇരുന്ന് കളയരുത്. സാധനങ്ങൾ നിറച്ച് പോയി സേവനം ചെയ്തു, വീണ്ടും വന്നിരിക്കുന്നു നിറക്കുന്നതിനായി. മനുഷ്യർ സാധനങ്ങൾ വാങ്ങാൻ പോകുന്നു, വിൽക്കുന്നതിനുവേണ്ടി. വിറ്റിട്ട് വീണ്ടും സാധനങ്ങൾ എടുക്കാൻ വേണ്ടി വരുന്നു. ഇതും ജ്ഞാന രത്നങ്ങളുടെ ചരക്കാണ്. ചരക്കെടുക്കാനുള്ളവരല്ലേ വരിക. ചിലർ വിതരണം ചെയ്യുന്നില്ല, പഴയ സാധനങ്ങൾ തന്നെ വെച്ചുകൊണ്ടിരിക്കുന്നു, അവർ പുതിയതെടുക്കാൻ ആഗ്രഹിക്കില്ല. ഇങ്ങനെയും വിവേകശൂന്യരുണ്ട്. മനുഷ്യർ തീർത്ഥസ്ഥാനങ്ങളിൽ പോകാറുണ്ട്, തീർത്ഥസ്ഥാനം ഇങ്ങോട്ട് വരില്ലല്ലോ എന്തുകൊണ്ടെന്നാൽ അത് ജഡരൂപങ്ങളാണ്. ഈ കാര്യങ്ങളെ കുട്ടികൾ മാത്രമാണ് അറിയുന്നത്. മനുഷ്യർക്കാണെങ്കിൽ ഒന്നും അറിയില്ല. വലിയ–വലിയ ഗുരുക്കൻമാർ ശ്രീ ശ്രീ മഹാമണ്ഡലേശ്വരൻമാർ തുടങ്ങിയവർ ജിജ്ഞാസുക്കളെ തീർത്ഥസ്ഥാനങ്ങളിലേക്ക് കൊണ്ട് പോകാറുണ്ട്, ത്രിവേണിയിൽ എത്ര പേരാണ് പോകുന്നത്. നദിയിൽ പോയി ദാനം ചെയ്യുന്നതിനെ പുണ്യമെന്ന് കരുതുന്നു. ഇവിടെ ഭക്തിയുടെ കാര്യം തന്നെയില്ല. ഇവിടെ ബാബയുടെ അടുത്ത് വരണമെങ്കിൽ കുട്ടികൾക്ക് മനസ്സിലാക്കി പിന്നീട് മനസ്സിലാക്കി കൊടുക്കണം. പ്രദർശിനിയിലും മനുഷ്യർക്ക് മനസ്സിലാക്കി കൊടുക്കണം. ഈ 84 ജന്മങ്ങളുടെ ചക്രമെടുക്കുന്നത് കുട്ടികൾക്കാണ് അറിയുന്നത്, എല്ലാവരും എടുക്കുന്നില്ല. ഇതിൽ മനസ്സിലാക്കി കൊടുക്കുന്നതിന്റെ വളരെ യുക്തി വേണം. ഈ ചക്രത്തിൽ തന്നെയാണ് മനുഷ്യർ ആശയക്കുഴപ്പത്തിൽ വരുന്നത്. വൃക്ഷത്തെയാണെങ്കിൽ ആർക്കും അറിയില്ല. ശാസ്ത്രത്തിലും ചക്രം കാണിക്കുന്നുണ്ട്. കല്പത്തിന്റെ ആയുസ്സ് ചക്രത്തിൽ നിന്നാണ് വരുന്നത്. ചക്രത്തിൽ തന്നെയാണ് ആശയക്കുഴപ്പമുണ്ടാകുന്നത്. നമ്മളാണെങ്കിൽ മുഴുവൻ ചക്രവും കറങ്ങുന്നുണ്ട്. 84 ജന്മം എടുക്കുന്നു, ബാക്കി ഇസ്ലാമി, ബൗദ്ധി തുടങ്ങിയവർ പിന്നീടാണ് വരുന്നത്. നമ്മൾ എങ്ങനെയാണ് ആ ചക്രത്തിലൂടെ സതോ, രജോ, തമോയിലൂടെ കടന്ന് പോകുന്നത്– അത് ചക്രത്തിൽ കാണിച്ചിട്ടുണ്ട്. ബാക്കി പിന്നീട് വരുന്ന ഇസ്ലാമി, ബൗദ്ധി ആരെല്ലാമാണോ, അവരുടേത് എങ്ങനെ കാണിക്കും? അവരും സതോ, രജോ, തമോയിലേക്ക് വരുന്നുണ്ട്. നമ്മൾ നമ്മുടെ വിരാട രൂപവും കാണിക്കുന്നുണ്ട്– സത്യയുഗം മുതൽ ആരംഭിച്ച് കലിയുഗം വരേയ്ക്കും മുഴുവൻ ചക്രം കറങ്ങി വരുന്നു. കുടുമയാണ് ബ്രാഹ്മണരുടേത്, മുഖത്തെ സത്യയുഗത്തിൽ, കൈകളെ ത്രേതായുഗത്തിൽ, വയറിനെ ദ്വാപരയുഗത്തിൽ, പിന്നീട് കാലുകളെ ഏറ്റവും അവസാനം വെയ്ക്കണം. ഇങ്ങനെ തന്റെ വിരാട രൂപം കാണിക്കാം. ബാക്കി അന്യ ധർമ്മത്തിലുള്ളവരുടേത് എങ്ങനെ കാണിക്കും? അവരുടേതും ആരംഭിക്കുമ്പോൾ ആദ്യം സതോപ്രധാനം, പിന്നീട് സതോ–രജോ–തമോയിലേക്ക് വരിക തന്നെ വേണം. ഇബ്രാഹിമും, ബുദ്ധനും, ക്രിസ്തുവും തുടങ്ങിയവരും മനുഷ്യരായിരുന്നു. രാത്രിയിൽ ബാബയ്ക്ക് വളരെ ചിന്ത നടക്കുന്നു. ചിന്തയിൽ പിന്നീട് ഉറക്കത്തിന്റെ ലഹരിയേ പോകുന്നു, ഉറക്കം വിട്ട് പോകുന്നു. മനസ്സിലാക്കി കൊടുക്കുന്നതിന്റെ വളരെ നല്ല യുക്തി വേണം. അവരുടേയും വിരാട രൂപം ഉണ്ടാക്കണം. അവരുടേയും കാല് അവസാനം കൊണ്ട് വരണം പിന്നീട് എഴുത്തിലൂടെ മനസ്സിലാക്കി കൊടുക്കണം. കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കണം ക്രിസ്തു എപ്പോഴാണോ വരുന്നത് അവർക്കും സതോ–രജോ–തമോ കടന്ന് പോകണം. സത്യയുഗത്തിൽ അവർ വരുന്നതേയില്ല. വരുന്നത് പിന്നീടാണ്. പറയണം ക്രിസ്തു സ്വർഗ്ഗത്തിൽ വരില്ല! ഇത് ഉണ്ടായതും–ഉണ്ടാക്കപ്പെട്ടതുമായ

കളിയാണ്. നിങ്ങൾക്കറിയാമോ ക്രിസ്തുവിന് മുൻപും ധർമ്മമുണ്ടായിരുന്നു വീണ്ടും അത് തന്നെ ആവർത്തിക്കണം. ഡ്രാമയുടെ രഹസ്യം മനസ്സിലാക്കി കൊടുക്കേണ്ടതായുണ്ട്. ഏറ്റവും ആദ്യം ബാബയുടെ പരിചയം കൊടുക്കണം. ബാബയിൽ നിന്ന് എങ്ങനെയാണ് സെക്കന്റിൽ സമ്പത്ത് ലഭിക്കുന്നത്? പാടിയിട്ടുണ്ട് സെക്കന്റിൽ ജീവൻമുക്തി. നോക്കൂ, ബാബയ്ക്ക് എത്ര ചിന്തയാണ് നടക്കുന്നത്. ബാബയുടെ പാർട്ടാണ് വിചാര സാഗര മഥനം ചെയ്യുന്നതിന്റെ. ഈശ്വരീയ പിതാവിൽ നിന്നുള്ള ജന്മ സിദ്ധ അവകാശമാണ്, ഇപ്പോഴില്ലെങ്കിൽ ഒരിക്കലുമില്ല എന്ന വാക്കെഴുതിയിട്ടുണ്ട്. ജീവൻമുക്തിയെന്ന വാക്കും എഴുതണം. എഴുത്ത് വ്യക്തമാണെങ്കിൽ മനസ്സിലാക്കാൻ എളുപ്പമാകും. ജീവൻമുക്തിയുടെ സമ്പത്ത് ലഭിച്ചു . ജീവൻമുക്തിയിൽ രാജാവ്, റാണി, പ്രജ എല്ലാവരുമുണ്ട്. അതുകൊണ്ട് എഴുത്തും ശരിയാക്കേണ്ടതുണ്ട്. ചിത്രമില്ലാതെയും മനസ്സിലാക്കികൊടുക്കാൻ സാധിക്കും. വെറും സൂചനയിലൂടെ പോലും മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. ഇത് അച്ഛനാണ്, ഇത് സമ്പത്താണ്. ആരാണോ യോഗയുക്തമായിട്ടുള്ളത് അവർക്ക് നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. മുഴുവൻ ആധാരവും യോഗത്തിലാണ്. യോഗത്തിലൂടെയാണ് ബുദ്ധി പവിത്രമാകുന്നത് അപ്പോൾ മാത്രമാണ് ധാരണയുണ്ടാകുന്നത്. ഇതിൽ ദേഹീ-അഭിമാനി അവസ്ഥ വേണം. എല്ലാം തന്നെ മറക്കേണ്ടതായുണ്ട്. ശരീരത്തെ പോലും മറക്കണം. ഇപ്പോൾ നമുക്ക് തിരിച്ച് പോകണം, അത്രമാത്രം, ഈ ലോകമാണെങ്കിൽ നശിക്കാനുള്ളതാണ്. ഇദ്ദേഹത്തിനാണെങ്കിൽ(ബ്രഹ്മാബാബ) സഹജമാണ് കാരണം ഇദ്ദേഹത്തിന്റെ ജോലി തന്നെ ഇതാണ്. മുഴുവൻ ദിവസവും ബുദ്ധി ഇതിൽ തന്നെയാണ് മുഴുകിയിരിക്കുന്നത്. ശരി, ആരാണോ ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിയുന്നത് അവർക്കാണെങ്കിൽ കർമ്മം ചെയ്യണം. സ്ഥൂല കർമ്മം ചെയ്യുന്നതിലൂടെ ആ കാര്യങ്ങൾ മറന്ന് പോകുന്നു, ബാബയുടെ ഓർമ്മ മറക്കുന്നു. ബാബ സ്വയം തന്റെ അനുഭവം കേൾപ്പിക്കുന്നുണ്ട്. ബാബയെ ഓർമ്മിക്കുന്നു, ബാബ ഈ രഥത്തെ കഴിപ്പിച്ചുകൊണ്ടിരിക്കുകയാണ് പിന്നീട് മറന്ന് പോകുന്നു അപ്പോൾ ബാബ ചിന്തിക്കുന്നു ഞാൻ തന്നെ മറന്ന് പോകുമ്പോൾ ഈ പാവങ്ങൾക്ക് എത്ര ബുദ്ധിമുട്ടുണ്ടാകും! ഈ ചാർട്ടിനെ എങ്ങനെ വർദ്ധിപ്പിക്കാൻ സാധിക്കും? പ്രവർത്തി മാർഗ്ഗത്തിലുള്ളവർക്ക് ബുദ്ധിമുട്ടാണ്. അവർക്ക് വീണ്ടും പരിശ്രമിക്കേണ്ടതായുണ്ട്. ബാബ മനസ്സിലാക്കി തരുന്നത് എല്ലാവർക്കുമാണ്. ആരാണോ പുരുഷാർത്ഥം ചെയ്യുന്നത് അവർക്കാണ് റിസൽട്ടെഴുതി അയയ്ക്കാൻ സാധിക്കുന്നത്. ബാബയ്ക്കറിയാം ശരിക്കും ബുദ്ധിമുട്ടുണ്ടെന്ന്. ബാബ പറയുകയാണ് രാത്രിയിൽ പരിശ്രമിക്കൂ. നിങ്ങളുടെ ക്ഷീണം മുഴുവൻ ഇല്ലാതാകും, അഥവാ നിങ്ങൾ യോഗയുക്തമായി വിചാര സാഗര മഥനം ചെയ്തു കൊണ്ടിരിക്കുകയാണെങ്കിൽ. ബാബ തന്റെ അനുഭവം പറയുകയാണ്- എപ്പോഴെങ്കിലും മറ്റ് കാര്യങ്ങളിലേക്ക് ബുദ്ധി പോകുകയാണെങ്കിൽ തല ചൂടാകുന്നു. വീണ്ടും ആ കൊടുങ്കാറ്റുകളിൽ നിന്ന് ബുദ്ധിയെ മാറ്റി ഈ വിചാര സാഗര മഥനത്തിലേക്ക് മുഴുക്കുന്നു അപ്പോൾ തല ഭാരരഹിതമാകുന്നു. മായയുടെ കൊടുങ്കാറ്റാണെങ്കിൽ അനേക പ്രകാരത്തിലുള്ളത് വരുന്നുണ്ട്. ഈ വശത്തേക്ക് ബുദ്ധി മുഴുകുന്നതിലൂടെ ആ ക്ഷീണം മുഴുവൻ ഇല്ലാതാകുന്നു, ബുദ്ധി റിഫ്രഷാകുന്നു. ബാബയുടെ സേവനത്തിൽ ഏർപ്പെടുകയാണെങ്കിൽ യോഗത്തിന്റെയും ജ്ഞാനത്തിന്റെയും വെണ്ണ ലഭിക്കുന്നു. ഇത് ബാബ അനുഭവം പറഞ്ഞ് തരികയാണ്. ബാബ കുട്ടികളോടല്ലേ പറയുക – ഇങ്ങനെ-ഇങ്ങനെ ഉണ്ടാകും, മായയുടെ വികൽപം വരും. ബുദ്ധിയെ പിന്നെ ആ വശത്തേക്ക് വെക്കണം. ചിത്രമെടുത്ത് അതിൽ മനനം ചെയ്യുകയാണെങ്കിൽ മായയുടെ കൊടുങ്കാറ്റ് പറന്ന് പോകും. ബാബയ്ക്കറിയാം മായ ഇങ്ങനെയാണ് അത് ഓർമ്മയിലിരിക്കാൻ അനുവദിക്കില്ല. കുറച്ച് പേരാണ് പൂർണ്ണമായ ഓർമ്മയിൽ കഴിയുന്നത്. പൊങ്ങച്ച വർത്തമാനങ്ങൾ വളരെ പറയുന്നുണ്ട്. ബാബയുടെ ഓർമ്മയിലിരിക്കുകയാണെങ്കിൽ ബുദ്ധി ക്ലിയറായിരിക്കും. ഓർമ്മിക്കുന്നത് പോലെയുള്ള വെണ്ണ മറ്റൊന്നുമില്ല. എന്നാൽ സ്ഥൂല ഭാരം വളരെ ഉള്ളത് കാരണം ഓർമ്മ കുറഞ്ഞ് പോകുന്നു.

ബോംബെയിൽ നോക്കൂ പോപ്പ് വന്നു, അദ്ദേഹത്തിന് എത്ര മഹിമയായിരുന്നു എല്ലാവരുടെയും ഭഗവാൻ വന്നത് പോലെയായിരുന്നു. ശക്തിയുള്ളവരല്ലേ. ഭാരതവാസികൾക്ക് തന്റെ ധർമ്മത്തിന്റെ അറിവില്ല. തന്റെ ധർമ്മം ഹിന്ദുവെന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു. ഹിന്ദു എന്നത് ഒരു ധർമ്മം തന്നെയല്ല. എവിടെ നിന്ന് വന്നു, എപ്പോൾ സ്ഥാപിച്ചു, ആർക്കും അറിയില്ല. നിങ്ങളിൽ ജ്ഞാനത്തിന്റെ കുതിപ്പുണ്ടാകണം. ശിവ ശക്തികൾക്ക് ജ്ഞാനത്തിന്റെ കുതിപ്പ് നടത്തണം. അവരാണെങ്കിൽ ശക്തികളെ സിംഹത്തിന് മുകളിൽ കാണിച്ചിരിക്കുന്നു. എല്ലാം ജ്ഞാനത്തിന്റെ കാര്യങ്ങളാണ്. അവസാനം നിങ്ങളിൽ എപ്പോഴാണോ ശക്തി വരുന്നത് അപ്പോൾ സാധു സന്യാസി തുടങ്ങി എല്ലാവർക്കും മനസ്സിലാക്കി കൊടുക്കും. ഇത്രയും ജ്ഞാനം എപ്പോഴാണോ ബുദ്ധിയിൽ ഉണ്ടായിരിക്കുന്നത് അപ്പോൾ കുതിപ്പ് വരും. ഏതുപോലെയാണോ ചക്രാതാ ഗ്രാമത്തിൽ കൃഷിക്കാരെ ടീച്ചർ പഠിപ്പിക്കുകയാണെങ്കിൽ അവർ പഠിക്കാത്തത്, അവർക്ക് കൃഷിയാണ് ഏറ്റവും നല്ലതായി തോന്നുന്നത്. ഇതുപോലെ ഇന്നത്തെ മനുഷ്യന് ഈ ജ്ഞാനം കൊടുക്കുകയാണെങ്കിൽ പറയും ഇത് നല്ലതായി തോന്നുന്നില്ല, ഞങ്ങൾക്ക് ശാസ്ത്രം പഠിക്കണം. എന്നാൽ ഭഗവാൻ വ്യക്തമായി പറയുകയാണ് ജപം, തപം, ദാനം, പുണ്യം മുതലായവയിലൂടെ അഥവാ ശാസ്ത്രം പഠിക്കുന്നതി

ലൂടെ എന്നെ ആരും നേടിയിട്ടില്ല. ഡ്രാമയെ അറിയുന്നില്ല. അവർ അറിയുന്നതേയില്ല നാടകത്തിലെ അഭിനേതാക്കളാണെന്ന്, പാർട്ടഭിനയിക്കാൻ വേണ്ടിയാണ് ഈ വസ്ത്രം എടുത്തിരിക്കുന്നത്. ഇത് തന്നെയാണ് മുൾക്കാട്. പരസ്പരം മുള്ള് വെയ്ക്കുന്നു, കൊന്നും കൊള്ളയടിച്ചും കഴിയുന്നു. മുഖം മനുഷ്യന്റേത് പോലെയാണ് എന്നാൽ സ്വഭാവം കുരങ്ങനെപ്പോലെയാണ്. ബാബയിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കി തരികയാണ്. പുതിയ ആരെങ്കിലും കേൾക്കുകയാണെങ്കിൽ ചൂടാകും. കുട്ടികൾക്കൊരിക്കലും ചൂട് പിടിക്കില്ല. ബാബ പറയുകയാണ് ഞാൻ കുട്ടികൾക്ക് മാത്രമാണ് മനസ്സിലാക്കി തരുന്നത്. കുട്ടികളോടാണെങ്കിൽ മാതാ-പിതാവിന് എന്തും പറയാം. കുട്ടികളെ അച്ഛൻ ചാട്ടയടിക്കുകയാണെങ്കിൽ പോലും ആർക്കും ഒന്നും ചെയ്യാൻ സാധിക്കില്ല. മാതാ-പിതാക്കളുടെ കർത്തവ്യമാണ് കുട്ടികളെ നന്നാക്കുക എന്നത്. എന്നാൽ ഇവിടെ നിയമമില്ല. ഏതുപോലെ കർമ്മം ഞാൻ ചെയ്യുന്നോ എന്നെ കണ്ട് മറ്റുള്ളവരും ചെയ്യും. ബാബ എന്ത് വിചാര സാഗര മഥനമാണോ ചെയ്തത് അതും പറഞ്ഞു. ഇദ്ദേഹം ആദ്യ നമ്പറിലാണ്, ഇദ്ദേഹത്തിന് 84 ജന്മം എടുക്കേണ്ടതായുണ്ട്. അങ്ങനെയെങ്കിൽ മറ്റ് തലവൻമാർ (ധർമ്മ പിതാക്കന്മാർ) ആരെല്ലാമാണോ ഉള്ളത് അവരെങ്ങനെ നിർവ്വാണത്തിലേക്ക് പോകും? സത്യയുഗത്തിലെ പുതുമനുഷ്യരാണ് ഈ ലക്ഷ്മീ-നാരായണൻ. പഴയതിൽ നിന്ന് തന്നെയാണ് പുതിയതാകുന്നത്. ഇവർ ആൾറൗണ്ട് പാർട്ടുള്ളവരാണ്. ബാക്കിയുള്ളവരും എല്ലാവരും സതോയിൽ നിന്ന് തമോയിലേക്ക് വരുന്നുണ്ട്, പഴയതാകുന്നു പിന്നീട് പഴയതിൽ നിന്ന് പുതിയതാകുന്നു. ഏതുപോലെയാണോ ക്രിസ്തു ആദ്യം പുതിയതായി വന്നു പിന്നീട് പഴയതായി പോയി വീണ്ടും പുതിയതായി തന്റ സമയത്തിൽ വരും. ഈ കാര്യം വളരെ മനസ്സിലാക്കേണ്ടതാണ്. ഇതിൽ യോഗം നന്നായി വേണം. പൂർണ്ണമായി സമർപ്പണവുമാകണം അപ്പോഴേ സമ്പത്തിന് അവകാശിയാകാൻ സാധിക്കൂ. സമർപ്പണമാകുകയാണെങ്കിൽ പിന്നീട് ബാബയ്ക്ക് നിർദ്ദേശവും തരാൻ സാധിക്കും അതായത് ഇങ്ങനെ-ഇങ്ങനെ ചെയ്യൂ. ചിലർ സറണ്ടറാണ് പിന്നീട് പറയും ഇനി കാര്യവ്യവഹാരത്തിലും കഴിയൂ അപ്പോൾ ബുദ്ധിയെ അറിയാൻ കഴിയും. വ്യവഹാരത്തിൽ കഴിഞ്ഞും ജ്ഞാനം എടുക്കൂ, വിജയിച്ച് കാണിക്കൂ. ഗൃഹസ്ഥത്തിലേക്ക് പോകരുത്. ബ്രഹ്മചാരിയായി കഴിയുകയാണെങ്കിൽ നല്ലതാണ്. ബാബ ഓരോരുത്തരുടെ കണക്കും ചോദിക്കുന്നുണ്ട്. മാതാ-പിതാവിന്റെ പാലന എടുത്തിട്ടുണ്ടെങ്കിൽ പിന്നീട് കടവും വീട്ടണം അപ്പോൾ ശക്തി ലഭിക്കും. അല്ലെങ്കിൽ അച്ഛൻ പറയും ഞാൻ ഇത്രയും പരിശ്രമിച്ച് പാലന നൽകി എന്നിട്ട് എന്നെ ഉപേക്ഷിച്ചു. ഓരോരുത്തരുടേയും നാഡി നോക്കേണ്ടതായുണ്ട് പിന്നീടാണ് നിർദ്ദേശം കൊടുക്കുന്നത്. നോക്കൂ ഇദ്ദേഹത്തിൽ നിന്ന് തെറ്റുണ്ടാകുകയാണെങ്കിൽ ബാബ അതിനെ തിരുത്തിച്ച് ശരിയാക്കി തരുന്നു. ഇദ്ദേഹവും ചുവട്-ചുവട് ശ്രീമത്തിലൂടെ നടന്നുകൊണ്ടിരിക്കുന്നു. എപ്പോഴെങ്കിലും നഷ്ടമുണ്ടാകുകയാണെങ്കിൽ മനസ്സിലാക്കുന്നു ഡ്രാമയിൽ ഉണ്ടായിരുന്നു. ഇനി വീണ്ടും ഇങ്ങനെയുള്ള കാര്യം ഉണ്ടാകരുത്. തെറ്റ് തന്റെ ഹൃദയത്തെ കാർന്നു കൊണ്ടിരിക്കുന്നു. തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അതിന് പകരമായി പിന്നീട് വളരെ സേവനത്തിൽ ഏർപ്പെടണം, പുരുഷാർത്ഥം വളരെ ചെയ്യണം. ആരുടെയെങ്കിലും ജീവിതം മെച്ചപ്പെടുത്തുക- ഇതാണ് പുരുഷാർത്ഥം.

ബാബ പറയുന്നു എനിക്ക് യോഗിയെയും ജ്ഞാനിയെയുമാണ് ഏറ്റവും പ്രിയം. യോഗത്തിലിരുന്ന് ഭക്ഷണമുണ്ടാക്കി കഴിപ്പിക്കുകയാണെങ്കിൽ വളരെ ഉന്നതി ഉണ്ടാകും. ഇത് ശിവബാബയുടെ ഭണ്ഢാരമാണ്. അതുകൊണ്ട് ശിവബാബയുടെ കുട്ടികൾ ഇങ്ങനെ യോഗയുക്തമായിരിക്കും. പതുക്കെ-പതുക്കെ അവസ്ഥ ഉയരുന്നു. സമയം തീർച്ചയായും എടുക്കുന്നുണ്ട്. ഓരോരുത്തരുടേയും കർമ്മബന്ധനം അവരവരുടേതാണ്. കന്യകമാർക്ക് ഒരു ഭാരവുമില്ല. അതെ, ആൺകുട്ടികൾക്കുണ്ട്. മക്കൾ വലുതായാൽ മാതാ-പിതാവിനെ ഭാരമാകുന്നു. ബാബ ഇത്രയും മനസ്സിലാക്കി തരുന്നു, ഇത്രയും കാലം സംരക്ഷിച്ചു അതുകൊണ്ട് അവരെ സംരക്ഷിക്കേണ്ടതായുണ്ട്. കണക്ക് തീർക്കണം അപ്പോൾ അവരുടെ മനസ്സും സന്തുഷ്ടമാകും. സത്പുത്രരായ കുട്ടികൾ ആരാണോ അവർ യാത്ര കഴിഞ്ഞ് വരുമ്പോൾ എല്ലാം അച്ഛന്റെ മുന്നിൽ വെയ്ക്കുന്നു. കടം വീട്ടണമല്ലോ. വളരെ മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ഉയർന്ന പദവി നേടുന്നവർ തന്നെയാണ് സിംഹത്തെപ്പോലെ കുതിച്ചുകൊണ്ടിരിക്കുക. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1. യോഗത്തിലിരുന്ന് ഭക്ഷണമുണ്ടാക്കണം. യോഗത്തിൽ തന്നെയിരുന്ന് ഭക്ഷണം കഴിക്കണം, കഴിപ്പിക്കണം.

2. ബാബ എന്ത് കാര്യമാണോ മനസ്സിലാക്കി തന്നത് അതിൽ നല്ലരീതിയിൽ വിചാര സാഗര മഥനം ചെയ്ത് മറ്റുള്ളവർക്കും മനസ്സിലാക്കി കൊടുക്കണം.

## വരദാനം:- സ്വ പരിവർത്തനത്തിന്റെയും വിശ്വപരിവർത്തനത്തിന്റെയും ഉത്തരവാദിത്തത്തിന്റെ കിരീടധാരിയും ഒപ്പം വിശ്വരാജ്യത്തിന്റെ കിരീടധാരിയുമായി ഭവിക്കട്ടെ.

ബാബയിലും പ്രാപ്തിയിലും ഓരോരുത്തരും തന്റേതാണെന്ന അധികാരം ഉണ്ടെന്ന് മനസ്സിലാക്കുന്നു, അതേപോലെ സ്വ പരിവർത്തനവും വിശ്വപരിവർത്തനവും ഇവ രണ്ടിന്റെയും ഉത്തരവാദിത്തത്തിന്റെ കിരീടധാരിയാകൂ അപ്പോൾ വിശ്വരാജ്യത്തിന്റെ കിരീടാധികാരിയാകും. വർത്തമാനം തന്നെയാണ് ഭാവിയുടെ ആധാരം. അതിനാൽ പരിശോധിച്ച് ജ്ഞാനത്തിന്റെ കണ്ണാടിയിൽ നോക്കൂ അതായത് ബ്രാഹ്മണ ജീവിതത്തിൽ പവിത്രതയുടെയും പഠിത്തത്തിന്റെയും സേവനത്തിന്റെയും ഡബിൾ കിരീടമുണ്ടോ? അഥവാ ഇവിടെ ഏതെങ്കിലും കിരീടം പകുതിയാണെങ്കിൽ അവിടെയും ചെറിയ കിരീടത്തിന് അധികാരിയാകും.

## സ്ലോഗൻ:- സദാ ബാപ്ദാദയുടെ കുടക്കീഴിലിരിക്കൂ എങ്കിൽ വിഘ്ന വിനാശകരായി മാറും.